**മഹാത്മാഗാന്ധി സർവകലാശാല, കേരളം**

**<u>സംഗ്രഹം</u>**

അക്കാദമിക് - സർവകലാശാല ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ് (UJRF) - Fathima C.S (രജി.നം MGUPHD233362) -നെ ഫെല്ലോഷിപ്പിന് അർഹരായവരുടെ പട്ടികയിൽ നിന്നും ഒഴിവാക്കിയും മറ്റു സർക്കാർ ഫെല്ലോഷിപ്പുകൾ കൈപ്പറ്റുന്നില്ല എന്ന സാക്ഷ്യപത്രം ക്ലെയിം ബില്ലിനൊപ്പം സമർപ്പിക്കുവാൻ ഗവേഷകർക്ക് നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 6 സെക്ഷൻ**

നമ്പർ. 2870/AC A 6/2026/എം.ജി.യു        പ്രിയദർശിനി ഹിൽസ്,തീയതി: 17.03.2026

---

*പരാമർശം:*-(1) സർവകലാശാല ഉത്തരവ് നം. 6982/AC A 6/2025/എം.ജി.യു, തീയതി: 29.07.2025

(2) Fathima C.S - ൽ നിന്നും 16.02.2026-ൽ ലഭിച്ച അപേക്ഷ

(3) ബഹു. വൈസ് ചാൻസലറുടെ 13.03.2026-ലെ ഉത്തരവ്

**<u>ഉത്തരവ്</u>**

2025-26-ലെ ചീഫ് മിനിസ്റ്റേഴ്സ് മൈനോറിറ്റി റിസർച്ച് ഫെല്ലോഷിപ്പ് ലഭിച്ച് തുടങ്ങിയതിനാൽ UJRF-ന് അർഹരായവരുടെ പട്ടികയിൽ നിന്നും ഒഴിവാക്കണം എന്ന് അഭ്യർത്ഥിച്ച് എറണാകുളം, മഹാരാജാസ് കോളേജിലെ കെമിസ്ട്രി വിഭാഗം ഗവേഷകയായ Fathima C.S(രജി.നം MGUPHD233362) പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

അപേക്ഷകക്ക് പരാമർശം(1) സർവകലാശാല ഉത്തരവ് പ്രകാരം UJRF അനുവദിക്കപ്പെട്ടെങ്കിലും ഫെല്ലോഷിപ്പ് തുക കൈപ്പറ്റിയിട്ടില്ല. ഗവേഷക UJRF തുക കൈപ്പറ്റിയിട്ടില്ലാത്ത സാഹചര്യത്തിലും, ഒരേ സമയം ഒന്നിൽ അധികം ഫെല്ലോഷിപ്പുകൾ കൈപ്പറ്റുന്നത് ചട്ട വിരുദ്ധമായതിനാലും, ഗവേഷകയുടെ അപേക്ഷ പരിഗണിച്ച് ഫെല്ലോഷിപ്പിന് അർഹരായവരുടെ പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിന് പരാമർശം (3) പ്രകാരം വൈസ് ചാൻസലർ ഉത്തരവായി. മേൽ ഭേദഗതിയോടെ പരാമർശം (1) സർവകലാശാല ഉത്തരവ് നിലനിൽക്കുന്നതാണ്.

ഇത്തരത്തിൽ സർവകലാശാല ഫെല്ലോഷിപ്പ് അനുവദിച്ച് ഉത്തരവായതിന് ശേഷം അനുവദിക്കപ്പെട്ട മറ്റ് സർക്കാർ ഫെല്ലോഷിപ്പുകൾ ഒന്നും കൈപ്പറ്റുന്നില്ല എന്ന സാക്ഷ്യപത്രം UJRF ക്ലെയിം ബില്ല് സമർപ്പണ സമയത്ത് സമർപ്പിക്കുന്നതിന് ഗവേഷകരോട് ആവശ്യപ്പെടുന്നതിനും പരാമർശം (3) പ്രകാരം വൈസ് ചാൻസലർ ഉത്തരവായി.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മിനിമോൾ കെ സക്കറിയാസ്

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. പരാമർശിത ഗവേഷക വിദ്യാർത്ഥി
2. എല്ലാ ഗവേഷണ കേന്ദ്രങ്ങൾക്കും
3. പ്രിൻസിപ്പൽ, മഹാരാജാസ് കോളേജ്, എറണാകുളം
4. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി

Draft #1 of File 14215/AC A6-2/2026/AC A 6 Approved by ASSISTANT REGISTRAR IV (ACADEMIC) on 17-Mar-2026 01:09 PM - Page 1

5. രജിസ്ട്രാർ,ഫിനാൻസ് ഓഫീസർ എന്നിവരുടെ പി. എ മാർ
6. ഡയറക്ടർ, റിസർച്ച്
7. ജെആർ II (അഡ്മിൻ)/ഡി.ആർ I/ എ.ആർ IV(അക്കാദമിക്)
8. ജെആർ/ഡി.ആർ I/ എ.ആർ II(ഫിനാൻസ്)
9. ഓഡിറ്റ് V, ജനറൽ ക്യാഷ് സെക്ഷനുകൾ
10. IQAC
11. ജോയിന്റ് ഡയറക്ടർ, കെ.എസ്.എ.ഡി
12. സർവകലാശാല വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 14215/AC A6-2/2026/AC A 6 Approved by ASSISTANT REGISTRAR IV (ACADEMIC) on 17-Mar-2026 01:09 PM - Page 2